# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 216 — 26/02/2018-ൽ മറുപടിക്ക്

## ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ആയിഷാപോറ്റി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന കൊട്ടാരക്കര ഗവ.താലൂക്ക് ആശുപത്രി,കുളക്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നെടുമൺകാവ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നി ആരോഗ്യ കേന്ദ്രങ്ങൾക്ക് 2016-17, 2017-18 വർഷങ്ങളിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവവഴി അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് 2016-17 വർഷത്തിൽ എൻ.എച്ച്.എം. (ഫണ്ട് ഹെഡ് ക്വാളിറ്റി) മുഖേന അനുവദിച്ച 2,80,000/- രൂപ (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ഉപയോഗിച്ച് ലേബർ റൂമിന്റെ ഒന്നാംഘട്ട നിർമ്മാണം നടത്തി. കായകൽപ്പ് ഫണ്ട് ഹെഡിൽ അനുവദിച്ച 59,000/- രൂപ (അൻപത്തി ഒൻപതിനായിരം രൂപ മാത്രം) ആശുപത്രി സൈനേജ് ബോർഡുകൾക്കും ഇൻഫെക്ഷൻ കൺട്രോൾ ഉപകരണങ്ങൾ, ഇമേജ് ബക്കറ്റ്, നീഡിൽ ഡിസ്ട്രോയർ, സ്റ്റീൽഡ്രം, ട്രേ മുതലായവ വാങ്ങുന്നതിനും ഇമേജ് വേസ്റ്റ് സൂക്ഷിക്കുന്നതിനായി ഷെഡ് നിർമ്മിക്കുന്നതിനും വിനിയോഗിച്ചു.<br>2017-18 വർഷത്തിൽ കായകൽപ്പ് ഹെഡിൽ എൻ.എച്ച്.എം അനുവദിച്ച 4,09,000/- രൂപ (നാല് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) ഫാർമസിയിലും ഓഫ്ത്താൽമോളജി ഒ.പി.യിലും എ.സി ഫാർമസി ഇലക്ട്രിഫിക്കേഷൻ, ലേബർ മുറിയിൽ പ്ലാസ്റ്റിക് കർട്ടൻ, ഒ.പി.ഫാർമസി പെയിന്റിംഗ്, കാറ്ററാക്ട് സർജറി, മുറി മെയിൽ/ ഫീമെയിൽ സെപ്പറേഷൻ, പീഡിയാട്രിക് വാർഡ് ഐസൊലേഷൻ / ബോർഡ് സെപ്പറേഷൻ, ഇൻഫക്ഷൻ കൺട്രോൾ ഉപകരണങ്ങൾ എന്നിവയ്ക്കായി വിനിയോഗിച്ചു.<br>2017-18 അഡീഷനാലിറ്റി ഹെഡിൽ എൻ.എച്ച്.എം. അനുവദിച്ച 2,50,000/- രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വിനിയോഗിച്ച് ആശുപത്രിയിൽ ആവശ്യമായി വന്ന എല്ലാ റിപ്പയർ ജോലികളും ചെയ്യുകയും ചെയ്തു.<br>2017-18 ൽ കെ.എം.എസ്.സി.എൽ, ഡി.എച്ച്.എസ് മുഖേന അനുവദിച്ച 90 ലക്ഷം രൂപ ട്രോമാകെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി വിനിയോഗിച്ചു. |

| | | | |
|---|---|---|---|
| | | | കളക്കട സി.എച്ച്.സിയിൽ 2017-18 വർഷത്തിൽ എൻ.എച്ച്.എം. അനുവദിച്ച 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) വിനിയോഗിച്ച് രോഗികൾക്ക് ഇരിക്കുന്നതിനുള്ള എയർപോർട്ട് ചെയർ 12 എണ്ണം വാങ്ങിച്ചു.<br>നെടുമൺകാവ് സി.എച്ച്.സിയിൽ പുതിയ ഒ.പി. കെട്ടിടം നിർമ്മിക്കുന്നതിനായി 2017-18 വർഷത്തിൽ എൻ.എച്ച്.എം 1,40,00,000/- രൂപ (ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. കൺസൾട്ടൻസിയായ ബി.എസ്.എൻ.എൽ കൊല്ലം ഏഷ്യൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ടെൻഡർ നൽകുകയും 2018 ഫെബ്രുവരി മാസം മുതൽ കെട്ടിടം പണി തുടങ്ങുകയും ചെയ്തു. ടി സ്ഥാപനത്തിന് പണി പൂർത്തിയാക്കാൻ പത്ത് മാസത്തെ സമയം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ